പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 828 — 9/8/2017 ൽ മറുപടിക്ക്

## കന്നുകാലി ഇൻഷ്വറൻസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റോജി എം. ജോൺ:<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ:<br>ശ്രീ. അൻവർ സാദത്ത്:<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ: | അഡ്വ .കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പു മന്ത്രി). |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ മുഴുവൻ കന്നുകാലികളെയും ഇൻഷ്വർ ചെയ്യുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | എ) | ഉണ്ട്. നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ 2016-17 പ്രകാരം 20392 കന്നുകാലികളെ ഇൻഷ്വർ ചെയ്യുന്നതിലേക്ക് കേന്ദ്ര സർക്കാർ 173.8 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ നടത്തിപ്പ് അന്തിമ ഘട്ടത്തിലാണ്. 2017-18 സാമ്പത്തിക വർഷം കേരളാ സർക്കാരിന്റെ ഗോസമൃദ്ധി ഇൻഷ്വറൻസ് പദ്ധതി പ്രകാരം 60,000 കന്നുകാലികളെ ഇൻഷ്വർ ചെയ്യുന്നതിലേക്ക് 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട് നടപടികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. |
| ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിവരിക്കാമോ; | ബി) | കർഷകന്റെ ഉരുക്കൾക്ക് അസുഖം, പ്രകൃതി ദുരന്തങ്ങൾ മൂലമുള്ള മരണത്തിന് ഇൻഷ്വറൻസ് പരിരക്ഷ നൽകുക. അതോടൊപ്പം വന്ധ്യത മൂലമോ അകിടുവീക്കം പോലുള്ള രോഗങ്ങൾ മൂലമോ പാലുല്പാദനം നിലയ്ക്കുന്നതുമൂലമോ ഉണ്ടാകുന്ന സാമ്പത്തിക നഷ്ടത്തിന് ഇൻഷ്വറൻസ് പരിരക്ഷ നൽകുക എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| (സി) | പദ്ധതി നടപ്പാക്കുന്നതിനുള്ള തുക എങ്ങനെയാണ് സമാഹരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ മുഖേന 2016-17 സാമ്പത്തിക വർഷം 173.8 ലക്ഷം രൂപ കേന്ദ്രഗവൺമെന്റ് ഇതിലേക്ക് അനുവദിച്ചിരുന്നു. 2017-18 സാമ്പത്തിക വർഷം സംസ്ഥാന ആവിഷ്കൃത പദ്ധതിയായ ഗോസമൃദ്ധി പദ്ധതിക്ക് 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ